**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2085 — 18.06.2013 ൽ മറുപടിയ്ക്ക്

## വായ്പാ ബാദ്ധ്യത എഴുതിത്തള്ളുന്ന നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ. അസീസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിന് ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധന പ്രകാരം മരണപ്പെട്ട ആളിന്റെ പേരിൽ നിലനിൽക്കുന്ന വായ്പയുടെ ഒന്നര ലക്ഷം രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഈ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകുമ്പോൾ വായ്പ തുകയുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50/- രൂപയും പരമാവധി 375/- രൂപയും വായ്പക്കാരൻ വായ്പ തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) |

അടയ്ക്കേണ്ടതാണ്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട ആളുടെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം. മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാക്കാലാവധി കഴിഞ്ഞതും കഴിയാത്തതും 70 വയസ്സുതികയുന്നതിനുമുൻപ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുക. ഈ പദ്ധതി പ്രകാരം ഒരു വായ്പാക്കാരന്റെ പേരിൽ ലഭിക്കുന്ന തുക $1^1/_2$ ലക്ഷം രൂപയും അതിന്റെ പലിശയും ആയിരിക്കും.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**